# പോലീസ് കൊമെമ്മറേഷൻ ദിനാചരണം-മിനിമാരത്തോൺ നടത്തി






പോലീസ് കൊമെമ്മറേഷൻ ദിനത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ നേതൃത്വത്തിൽ ജില്ലയിലുടനീളവും, ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു വരുന്നതിൻെറ ഭാഗമായി ഇന്ന് (20.10.2018) "മിനിമാരത്തോൺ" കൂട്ടയോട്ടം നടത്തി.

രാജ്യമെങ്ങും ഒക്ടോബർ 21 നാണ് പോലീസ് സ്മരണാദിനമായി ആചരിക്കുന്നത്. 1959 ലെ ചൈന – ഇന്ത്യ പ്രശ്നത്തിൽ ലഡാക്ക് അതിർത്തിൽ വച്ച് വീരമൃത്യു വരിച്ച 10 പോലീസുകാരുടെ സ്മരണാർത്ഥമാണ് എല്ലാ വർഷവും സ്മരണ പുതുക്കൽ ചടങ്ങ് നടക്കുന്നത്. ഓരോ വർഷവും ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട മുഴുവൻ സേനാംഗങ്ങളുടെയും പേരുവിവരവും, വീരമൃത്യുവിനിടയാക്കിയ സംഭവവും രാജ്യത്തെ സേനാംഗങ്ങളെയെല്ലാം അറിയിക്കുന്നതോടൊപ്പംതന്നെ, മരണപ്പെട്ടവരെ സ്മരിക്കുന്നതിനും വേണ്ടിയാണ് പോലീസ് കൊമെമ്മറേഷൻ ദിനാചരണം നടത്തുന്നത്. ദിനാചരണത്തിൻെറ ഭാഗമായി ഇന്ന് (20.10.2018) സംഘടിപ്പിച്ച "മിനിമാരത്തോൺ" കൂട്ടയോട്ടം പ്രശസ്ത സിനിമാതാരങ്ങളായ ശ്രീ. ഉണ്ണി മുകുന്ദൻ, കുമാരി പേളിമാണി എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. കൂട്ടയോട്ടത്തിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ ആർ നായർ ഐ.പി.എസ്, ആലുവ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, ജില്ലാ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എസ്.ദേവമനോഹർ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി വി.ജി.രവീന്ദ്രനാഥ്, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ഉദയഭാനു കെ.എസ്, ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി പി.റെജി അബ്രഹാം, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി സോജൻ.എം.ജെ തുടങ്ങിയവരുൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. പ്രതികൂല കാലാവസ്ഥയിൽ കോരിച്ചൊരിയുന്ന മഴ അവഗണിച്ച് ഭാരതത്തിൻെറ ആന്തരിക പ്രശ്നങ്ങളിൽ ഇടപെട്ട് ഭാരതത്തിൻെറ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിൽ സ്തുത്യർഹമായ പങ്കു വഹിച്ച മൺമറഞ്ഞ സേനാംഗങ്ങളോടുള്ള ആദരവും, ആത്മാർത്ഥതയും, കൂറും പ്രകടിപ്പിച്ച് പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിച്ച കൂട്ടയോട്ടം വൻ വിജയമായിരുന്നു. രാവിലെ 7 മണിക്ക് ആരംഭിച്ച "മിനിമാരത്തോൺ " കൂട്ടയോട്ടം ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിസരത്ത് നിന്നും ആരംഭിച്ച് ജില്ലാ പോലീസ് ഓഫീസ് – കാരോത്തുകുഴി – മാർക്കറ്റ് – ബാങ്ക് ജംഗ്ഷൻ – പമ്പ് ജംഗ്ഷൻ വഴി തിരികെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിസരത്ത് അവസാനിച്ചു. ഇതിൽ പൊതുജനങ്ങൾ,

പോലീസ് ഉദ്യോഗസ്ഥർ, സ്റ്റുഡൻെറ് പോലീസ് കേഡറ്റുകൾ എന്നിവരുൾപ്പെടെ ഏകദേശം 500 ഓളം പേർ പങ്കെടുത്തു.

പോലീസ് കോമെമ്മറേഷൻ ദിനാചരണത്തിൻെറ ഭാഗമായി 17.10.2018 തീയതി എറണാകുളം റൂറൽ പോലീസ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പോലീസിൻെറ നേതൃത്വത്തിൽ രക്ത ദാന ക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. രക്ത ദാന ക്യാമ്പിൽ പോലീസും പൊതുജനങ്ങളും ഉൾപ്പെടെ 232 പേർ രക്തം ദാനം ചെയ്തിരുന്നു.

പോലീസ് കോമെമ്മറേഷൻ ദിനമായി ആചരിക്കുന്ന ഒക്ടോബർ 21 ഞായറാഴ്ച രാവിലെ 8 മണിയ്ക്ക് ആലുവ അദ്വൈത ആശ്രമത്തിന് എതിർവശമുള്ള ഗ്രൗണ്ടിൽ വച്ച് പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തി കൊമെമ്മറേഷൻ പരേഡും അനുസ്മരണവും നടത്തുന്നുണ്ട്. പ്രസ്തുത ദിവസം വൈകിട്ട് 05.30 മണിയ്ക്ക് ആലുവയിലെ ജില്ലാ പോലീസ് കോൺഫറൻസ് ഹാളിൽ വച്ച് പൊതുയോഗവും, സമ്മാന വിതരണവും നടക്കും. പ്രസ്തുത യോഗത്തിൽ ബഹു. കൊച്ചി റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. വിജയ് സാഖറെ IPS മുഖ്യാതിഥി ആയിരിക്കും.